**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3159** **04-08-2021 - ൽ മറുപടിയ്ക്ക്**

**ജീവപര്യന്തം തടവുകാരുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളിലെ ജീവപര്യന്തം തടവുകാർ എത്രയെന്നും ഇതിൽ എത്ര പേർ കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്നുവെന്നും അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ ജയിലുകളിലെ ജീവപര്യന്തം തടവുകാർ 1861 ആണ്. ഇവരിൽ 461 പേരെ കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ പാർപ്പിച്ചിരിക്കുന്നു. |
| (ബി) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട തടവുകാർ എത്രയെന്നും അവർ ഇപ്പോൾ ഏതെല്ലാം ജയിലുകളിൽ ആണ് കഴിയുന്നതെന്നും ഇതിൽ ജാമ്യം ലഭിച്ചവരുടെയും പരോൾ അനുവദിച്ചവരുടെയും വിവരങ്ങളും അറിയിക്കാമോ; | (ബി) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട 11 തടവുകാരാണ് ഉള്ളത്. ഇവരിൽ സി. നം. 1608 അനൂപ്, സി. നം. 1609 മനോജ് കുമാർ @ കിർമ്മാണി മനോജ്, സി. നം. 5588 സുനിൽകുമാർ @ കൊടി സുനി എന്നീ തടവുകാരെ വിയ്യൂർ സെൻട്രൽ ജയിലിലും സി. നം. 2490 കെ.സി. രാമചന്ദ്രൻ, സി. നം. 705/17 ടി.കെ. രജീഷ്, സി. നം.56/18 മനോജൻ, സി. നം. 34/21 സിജിത്ത്, സി. നം. 63/21 മുഹമ്മദ് ഷാഫി, സി. നം. 123/21 ഷിനോജ് എന്നീ തടവുകാരെ കണ്ണൂർ സെൻട്രൽ ജയിലിലും, സി. നം. 9330 റഫീഖ് എന്ന തടവുകാരനെ തിരുവനന്തപുരം സെൻട്രൽ ജയിലിലുമാണ് നിലവിൽ പാർപ്പിച്ചിരിക്കുന്നത്. സി. നം. 3753 കുഞ്ഞനന്തൻ s/o കണ്ണൻനായർ ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം ജാമ്യമനുവദിച്ചിരുന്നു. ഇദ്ദേഹം പിന്നീട് മരണപ്പെട്ടു. ടി.പി. കേസിലെ പ്രതികളെല്ലാം തന്നെ ജയിൽ ചട്ട പ്രകാരമുള്ള സാധാരണാവധിയ്ക്ക് അർഹത നേടിയവരാണ്. |
| (സി) | ഇതിൽ എത്രപേർ നിലവിൽ പരോളിൽ കഴിയുന്നുണ്ടെന്നും ഇവരുടെ പരോൾ കാലാവധി എത്രയെന്നും ഒന്നിൽ കൂടുതൽ പരോൾ ലഭിച്ചവർ ഉണ്ടെങ്കിൽ അവരുടെ വിവരങ്ങളും ലഭ്യമാക്കാമോ; | (സി) | ടി.പി. കേസിലെ പ്രതികൾക്ക് നാളിതുവരെ അനുവദിച്ച അവധിയെ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളും സ്വർണ്ണക്കടത്ത് സംഘങ്ങളും ജനങ്ങൾക്ക് ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത | (ഡി) | ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജനങ്ങൾക്ക് ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്വർണ്ണക്കടത്ത് സംഘങ്ങളും മറ്റും നടത്തുന്ന തട്ടിക്കൊണ്ടുപോകൽ, കവർച്ച, |

| | | | |
|---|---|---|---|
| | തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ; | | പിടിച്ചുപറി, അമിത വേഗതയിലുള്ള അശ്രദ്ധമായ ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങൾ തുടങ്ങിയ സംഭവങ്ങൾ ജനങ്ങളുടെ ജീവന് ഭീഷണി ഉയർത്തുന്നതാണ്. സ്വർണ്ണക്കടത്ത് സംഘങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന തട്ടികൊണ്ടുപോകൽ, കവർച്ച, പിടിച്ചുപറി തുടങ്ങിയ കേസുകൾ സംസ്ഥാന പോലീസ് അന്വേഷിക്കുകയും ക്വട്ടേഷൻ സംഘങ്ങളേയും മറ്റു സംഘടിത കുറ്റവാളികളേയും അമർച്ച ചെയ്യുന്നതിന് KAAPA Act ഉൾപ്പെടെയുള്ള ശക്തമായ നിയമ നടപടികളും സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ഇ) | പരോൾ ലഭിക്കാനുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ഇ) | 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397 പ്രകാരം പതിവ് കുറ്റവാളികൾ, ഇന്ത്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെയുള്ള വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, ബലാൽസംഗ കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, വധശിക്ഷക്ക് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, അപകടകാരികളായി കണക്കാക്കപ്പെട്ടിട്ടുള്ള തടവുകാർ, ഗുരുതരമായ ജയിൽ നിയമ ലംഘനങ്ങളിൽപെട്ടവർ, മാനസിക രോഗാവസ്ഥയുള്ളതും പകർച്ച വ്യാധിയുള്ളതുമായ തടവുകാർ, ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, ഇത്തരത്തിലുള്ളവർ ഒഴികെ ഒരു വർഷമോ അതിലധികമോ കാലത്തേയ്ക്ക് ശിക്ഷ അനുഭവിക്കുന്ന സത്സ്വഭാവികളായ തടവുകാർക്ക് ആകെ ശിക്ഷയുടെ മൂന്നിലൊന്നോ രണ്ട് വർഷമോ ഏതാണോ കുറവ് അത്രയും അനുഭവിച്ചിട്ടുണ്ടെങ്കിൽ അനുകൂല പോലീസ്, പ്രൊബേഷൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സാധാരണാവധിയ്ക്ക് അർഹതയുണ്ട്. ചട്ടം 399 പ്രകാരം മൂന്ന് വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കുകയും മൂന്ന് പോലീസ് റിപ്പോർട്ടുകൾ പ്രതികൂലമായി ലഭിയ്ക്കുകയും ചെയ്യുന്ന തടവുകാർക്ക് ജില്ലാ കളക്ടർ ചെയർമാനും, ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് കൺവീനറും, പോലീസ് കമ്മീഷണർ / സൂപ്രണ്ട് ഓഫ് പോലീസ്, മേഖലാ ജയിൽ ഡി.ഐ.ജി, ചീഫ് വെൽഫെയർ ഓഫീസർ, ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ തുടങ്ങിയവർ അംഗങ്ങളുമായ പുനരവലോകന സമിതി അവധി അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുകയും സർക്കാർ അവധി അനുവദിയ്ക്കുകയും ചെയ്യുന്ന തടവുകാർക്ക് സാധാരണാവധിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. ചട്ടം 469 പ്രകാരം ക്രമസമാധാന പ്രശ്നം ചൂണ്ടിക്കാട്ടി ഒന്നിൽക്കൂടുതൽ പോലീസ് റിപ്പോർട്ടുകൾ പ്രതികൂലമായി വരുകയും മറ്റെല്ലാത്തരത്തിലും അവധിക്ക് അർഹത നേടുകയും ചെയ്തിട്ടുള്ള തടവുകാർക്ക് ജയിൽ വകുപ്പ് മേധാവി |

| | | | |
|---|---|---|---|
| | | | ചെയർമാനും ജില്ലാ കളക്ടർ, ജില്ലാ സെഷൻസ് ജഡ്ജ്, ജില്ലാ പോലീസ് കമ്മീഷണർ / ജില്ലാ പോലീസ് മേധാവി, ജില്ലാ പ്രൊബേഷൻ ഓഫീസർ, സർക്കാർ നിയമിക്കുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങൾ മെമ്പർമാരായും ബന്ധപ്പെട്ട ജയിൽ സൂപ്രണ്ട് മെമ്പർ സെക്രട്ടറിയും ആയിട്ടുള്ള ഉപദേശക സമിതി പരോൾ അവധി അനുവദിക്കുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയും സർക്കാർ അവധി അനുവദിക്കുകയും ചെയ്യുന്ന തടവുകാർക്ക് സാധാരണാവധിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. 10 ദിവസത്തിൽ കൂടുതൽ അടിയന്തിരാവധിയിൽ പുറത്തു നിന്ന തടവുകാർക്ക് തിരികെ ജയിലിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായി 6 മാസം ശിക്ഷ അനുഭവിച്ചാൽ മാത്രമെ അടുത്ത സാധാരണാവധിയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളു. ചട്ടം 400 പ്രകാരം പതിവ് കുറ്റവാളികൾ, ഇന്ത്യൻ ശിക്ഷാ നിയമം 392 മുതൽ 402 വരെയുള്ള വകുപ്പിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളവർ, അപകടകാരികളായി കണക്കാക്കപ്പെട്ടിട്ടുള്ള തടവുകാർ, ഗുരുതരമായ ജയിൽ നിയമ ലംഘനങ്ങളിൽ പെട്ടവർ, മാനസിക രോഗാവസ്ഥയുള്ളതും പകർച്ച വ്യാധിയുള്ളതുമായ തടവുകാർ, ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ, ഇത്തരത്തിലുള്ളവർ ഒഴികെ ശിക്ഷാ തടവുകാരന്റെ അടുത്ത ബന്ധുക്കളുടെ മരണം, അത്യാസന്ന രോഗാവസ്ഥ, വിവാഹം എന്നിവയ്ക്ക് അനുകൂല പോലീസ് റിപ്പോർട്ടിന്റെയും തടവുകാരൻ താമസിക്കുന്ന വീട് പ്രകൃതിക്ഷോഭംമൂലം ഭാഗികമായോ പൂർണ്ണമായോ നശിച്ചുപോയ കേസുകളിൽ വീടിന്റെ പുനർ നിർമ്മാണത്തിന് തഹസീൽദാരുടെ റിപ്പോർട്ടിന്റെയും, അനുകൂല പോലീസ് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അടിയന്തിരാവധിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. 2014 ലെ ജയിൽ ചട്ടം 414 പ്രകാരം സൽസ്വഭാവികളായ തുറന്ന ജയിലിലെ തടവുകാർക്ക് ടിയാന്മാർ തുറന്ന ജയിലിൽ പ്രവേശിക്കപ്പെട്ട തീയതി മുതൽ ഒരു വർഷ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തടവുകാരന്റെ കുടുംബ സാഹചര്യത്തെ സംബന്ധിച്ചുള്ള പ്രൊബേഷൻ ഓഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർഷത്തിൽ 15 ദിവസത്തെ ഗാർഹികാവധിയ്ക്ക് അർഹതയുണ്ട്. ഗാർഹികാവധി കഴിഞ്ഞ് വരുന്ന തടവുകാരന് ടിയാൻ തിരികെ ജയിലിൽ പ്രവേശിച്ച തീയതി മുതൽ 12 മാസം വരെയുള്ള യഥാർത്ഥ ശിക്ഷയ്ക്ക് ശേഷം മാത്രമെ അടുത്ത ഗാർഹികാവധിയ്ക്ക് അർഹതയുള്ളു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1.സി.നം.1608 അനൂപ്-സെൻട്രൽ ജയിൽ, വിയ്യൂർ

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2017 | 0 | 0 | 1 | 45 | 45 |
| 2018 | 4 | 60 | 0 | 0 | 60 |
| 2019 | 3 | 55 | 0 | 0 | 55 |
| 2020 | 0 | 0 | 0 | 0 | 0 |
| 2021 | 1 | 15 | 0 | 0 | 15 |
| | **ആകെ** | | | | 175 |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 290 ദിവസം ടിയാനും അനുവദിച്ചു. 06..05..2021 മുതൽ 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

## 2)സി. നം. 1609 മനോജ് @ കിർമാണി മനോജ് - സെൻട്രൽ ജയിൽ, വിയ്യൂർ

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2017 | 0 | 0 | 0 | 0 | 0 |
| 2018 | 3 | 60 | 0 | 0 | 60 |
| 2019 | 2 | 45 | 1 | 45 | 90 |
| 2020 | 1 | 15 | 0 | 0 | 15 |
| 2021 | 1 | 15 | 0 | 0 | 15 |
| | **ആകെ** | | | | 180 |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 290 ദിവസം ടിയാനും അനുവദിച്ചു. 06..05..2021 മുതൽ 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

3) സി. നം. 34/21 സിജിത്ത് @ അണ്ണൻ സിജിത്ത്- സെൻട്രൽ ജയിൽ, കണ്ണൂർ

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2017 | 0 | 0 | 2 | 90 | 90 |
| 2018 | 2 | 45 | 1 | 45 | 90 |
| 2019 | 2 | 45 | 0 | 0 | 45 |
| 2020 | 1 | 15 | 0 | 0 | 15 |
| 2021 | 1 | 15 | 0 | 0 | 15 |
| | **ആകെ** | | | | **255** |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 282 ദിവസം ടിയാനും അനുവദിച്ചു. 06..05..2021 മുതൽ 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

4) സി. നം. 9330 റഫീഖ്, സെൻട്രൽ ജയിൽ, തിരുവനന്തപുരം

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2016 | 0 | 0 | 1 | 10 | 10 |
| 2017 | 0 | 0 | 0 | 0 | 0 |
| 2018 | 3 | 60 | 0 | 0 | 60 |
| 2019 | 3 | 60 | 1 | 10 | 70 |
| 2020 | 1 | 15 | | | 15 |
| 2021 | 1 | 15 | 0 | 0 | 15 |
| | | | | | |
| | **ആകെ** | | | | **170** |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 282 ദിവസം ടിയാനും അനുവദിച്ചു. 06..05..2021 മുതൽ 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

**(5) സി. നം. 56/18 മനോജൻ @ ടൗസർ മനോജൻ, സെൻട്രൽ ജയിൽ, കണ്ണൂർ**

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2017 | 1 | 30 | 2 | 55 | 85 |
| 2018 | 4 | 60 | 2 | 17 | 77 |
| 2019 | 4 | 60 | 1 | 10 | 70 |
| 2020 | 0 | 0 | 1 | 10 | 10 |
| 2021 | 1 | 15 | 0 | 0 | 15 |
| | | | | ആകെ | 257 |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 290 ദിവസം ടിയാനും അനുവദിച്ചു. ടിയാൻ 06..05..2021 മുതൽ 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

**6) ആകെ സി. നം. 2490 കെ.സി. രാമചന്ദ്രൻ , സെൻട്രൽ ജയിൽ, കണ്ണൂർ**

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2014 | 0 | 0 | 1 | 26 | 26 |
| 2015 | 0 | 0 | 0 | 0 | 0 |
| 2016 | 2 | 45 | 0 | 0 | 45 |
| 2017 | 4 | 60 | 1 | 10 | 70 |
| 2018 | 3 | 50 | 1 | 10 | 60 |
| 2019 | 4 | 60 | 0 | 0 | 60 |
| 2020 | 1 | 15 | 0 | 0 | 15 |
| 2021 | 1 | 15 | 0 | 0 | 15 |
| | | | | ആകെ | 291 |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 290 ദിവസം ടിയാനും അനുവദിച്ചു. 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

**(7) സി.നം. 3753 കഞ്ഞനന്തൻ,. സെൻട്രൽ ജയിൽ, തിരുവനന്തപുരം**

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2014 | 0 | 0 | 0 | 0 | 0 |
| 2015 | 4 | 55 | 0 | 0 | 55 |
| 2016 | 4 | 60 | 3 | 30 | 90 |
| 2017 | 3 | 45 | 5 | 47 | 92 |
| 2018 | 3 | 45 | 1 | 45 | 90 |
| 2019 | 0 | 0 | 0 | 0 | 0 |
| | **ആകെ** | | | | **327** |

ടിയാന് D-214/20 dt:16.03.2020 in Crl MA No:1/2020 in Crl A 176/2014 dt:13.03.2020 of the High Court of Kerala എന്ന ഉത്തരവ് പ്രകാരം 30.03.2020 തീയതിയിൽ 3 മാസത്തെ ജാമ്യത്തിൽ വിട്ടതൽ ചെയ്യുകയും 11.06.2020 തീയതിയിൽ ജാമ്യത്തിൽ ആയിരിക്കെ 11/06/2020 മരണപ്പെട്ടിട്ടുള്ളതുമാണ്.

**(8) സി. നം, 63/21 ഷാഫി, സെൻട്രൽ ജയിൽ, കണ്ണൂർ**

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2017 | 2 | 30 | 0 | 0 | 30 |
| 2018 | 3 | 60 | 1 | 45 | 105 |
| 2019 | 0 | 0 | 0 | 0 | 0 |
| 2020 | 0 | 0 | 0 | 0 | 0 |
| 2021 | 2 | 45 | 0 | 0 | 45 |
| | **ആകെ** | | | | **180** |

04/05/2021-ന് ടിയാന് ജയിൽ ചട്ടപ്രകാരമുള്ള 15 ദിവസത്തെ സാധാരണാവധി അനുവദിച്ച് വിട്ടതൽ ചെയ്തിരുന്നു. ടിയാൻ പ്രസ്തുത അവധിയിൽ നിൽക്കെ ജയിൽ ആസ്ഥാനകാര്യാലയത്തിലെ WP1-7325/2020/PrHQ തീയ്യതി 09/05/2021 എന്ന നമ്പർ ഓഫീസ് നടപടിയുടെ അടിസ്ഥാനത്തിൽ 09/05/2021 തീയ്യതി മുതൽ കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലുള്ള 90 ദിവസത്തെ പ്രത്യേകാവധി അനുവദിയ്ക്കുകയുണ്ടായി. ടിയാൻ നിവലിൽ 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

**(9) സി. നം.123/21 ഷിനോജ്, സെൻട്രൽ ജയിൽ, കണ്ണൂർ**

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2017 | 1 | 30 | 0 | 0 | 30 |
| 2018 | 3 | 45 | 0 | 0 | 45 |
| 2019 | 2 | 30 | 0 | 0 | 30 |
| 2020 | 1 | 30 | 0 | 0 | **30** |
| 2021 | 1 | 15 | 0 | 0 | **15** |
| | **ആകെ** | | | | **150** |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 290 ദിവസം ടിയാനും അനുവദിച്ചു.

**(10) സി. നം. 705/17 രജീഷ്, സെൻട്രൽ ജയിൽ കണ്ണൂർ**

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2018 | 4 | 60 | 0 | 0 | 60 |
| 2019 | 4 | 60 | 0 | 0 | 60 |
| 2020 | 1 | 15 | 1 | 10 | 25 |
| 2021 | 1 | 15 | 0 | 0 | 15 |
| | **ആകെ** | | | | **160** |

സംസ്ഥാനത്തെ എല്ലാ തടവുകാർക്കും 2020-ൽ അനുവദിച്ച സ്പെഷ്യൽ കോറോണ അവധി 290 ദിവസം ടിയാനും അനുവദിച്ചു. ടിയാൻ 2021-ലെ കോറോണ സ്പെഷ്യൽ അവധിയിൽ തുടരുന്നു.

**(11) സി. നം. 1610 സുനിൽകുമാർ, സെൻട്രൽ ജയിൽ വിയ്യൂർ**

| വർഷം | സാധാരണ അവധി | | അടിയന്തിര അവധി | | വർഷത്തിൽ ആകെ അനുവദിച്ച അവധി ദിവസം (സാധാരണ അവധി +അടിയന്തിര അവധി) |
|---|---|---|---|---|---|
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | ആകെ അനുവദിച്ച തവണ | ആകെ അനുവദിച്ച ദിവസം | |
| 2018 | 3 | 60 | 0 | 0 . | 60 |

NB:- കൊറോണ വൈറസ് രണ്ടാംഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് 2021-ൽ അനുവദിച്ച കൊറോണ സ്പെഷ്യൽ അവധി കാലാവധി പൂർത്തിയായിട്ടില്ലാത്തിനാൽ പ്രസ്തുത ദിവസങ്ങൾ ആകെ ദിവസങ്ങളുടെ എണ്ണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.